വാങ്ങുന്നതിനായി കൊടുക്കുന്നില്ല. ഇപ്പോൾ വിലനിലവാരം വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ മരുന്നുകളുടെ വില വർദ്ധിച്ചതു കാരണം പാവപ്പെട്ട രോഗികൾക്ക് കൊടുക്കുവാൻവേണ്ടി എച്ച്. ഡി. സി.-ഫണ്ടിന്റെ പൂർണ്ണ വിനിയോഗം ഉറപ്പുവരുത്താൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. പി. ശങ്കരൻ: മിക്കവാറും എച്ച്. ഡി. സി. പൂർണ്ണ വിനിയോഗം ഉറപ്പുവരുത്തിക്കഴിഞ്ഞാൽ ഉണ്ടാകുന്ന കുഴപ്പം സ്വാഭാവികമായും ഉള്ള ഫണ്ട് മുഴുവൻ ആവശ്യത്തിനും അനാവശ്യത്തിനും ചെലവഴിക്കും എന്നുള്ളതാണ്. എന്തായിരുന്നാലും ഈ പ്രത്യേകമായ സാഹചര്യം കണക്കിലെടുത്തുകൊണ്ട് പെർസന്റേജ് വർദ്ധിപ്പിക്കാമോ എന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് അനുവാദം

* 3 [854] ഡോക്ടർ എ. നീലലോഹിതദാസൻ നടാർ:

ശ്രീ. കെ. പി. മോഹനൻ:

„ സി. കെ. നാണു:

„ എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് അനുവാദം നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടിക്രമങ്ങൾ ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടിക്രമങ്ങൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ?

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി (ശ്രീ. എം. എം. ഹസ്സൻ): (എ, ബി) ഉണ്ട്. 1999-ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങളിൽ ഇതിനായുള്ള നടപടി ക്രമങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ നടപടി ക്രമങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

ഡോക്ടർ എ. നീലലോഹിതദാസൻ നടാർ: അനുബന്ധമായി ചേർത്തിരിക്കുന്ന വിഷയങ്ങളിലൂടെ കണ്ണോടിക്കുകയുണ്ടായി. അതിൽനിന്നും വ്യക്തമാകുന്നത്, സാങ്കേതികമായ കാര്യങ്ങൾ മാത്രമാണ് ചട്ടങ്ങളിലുള്ളത്. മറിച്ച് എന്ത് പരസ്യം ചെയ്യുന്നു; ആര് പരസ്യം ചെയ്യുന്നു ഈ വക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു വ്യവസ്ഥയുമില്ല. അതുപോലെതന്നെ മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കുമൊക്കെ അതീതമായി സംസ്ഥാന അടിസ്ഥാനത്തിൽ നടക്കുന്ന പരസ്യം. അതിനെ ആരാണ് നിയന്ത്രിക്കുന്നത്? ഈ വക കാര്യങ്ങളെ സംബന്ധിച്ച് വ്യക്തതയില്ല. അത് സംബന്ധിച്ച് പരിശോധിക്കുവാനും ഉചിതമായ നടപടി സ്വീകരിക്കുവാനും ഗവൺമെന്റ് തയ്യാറുകുമോ?

ശ്രീ. എം. എം. ഹസ്സൻ: ഇപ്പോൾത്തന്നെ ലൈസൻസിന് അപേക്ഷിക്കുമ്പോൾ അവിടെ സ്ഥാപിക്കുവാൻ പോകുന്ന കമാനത്തിന്റെ അല്ലെങ്കിൽ പരസ്യ ബോർഡിനെ സംബന്ധിക്കുന്ന പ്ലാനും അതിന്റെ വിശദവിവരവും മുനിസിപ്പൽ സെക്രട്ടറിയോ കോർപ്പറേഷൻ കമ്മീഷണറോ പരിശോധിച്ചതിനു ശേഷമാണ് അതിന് അനുവാദം നൽകുന്നത്. കർശന നിബന്ധനകൾ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നിർദ്ദേശം പരിഗണിക്കുന്നതാണ്.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ എ. നീലലോഹിതദാസൻ നടാർ: ഈ രീതിയിൽ ചട്ടങ്ങൾക്ക് വിരുദ്ധമായിത്തന്നെ പരസ്യങ്ങൾ നടത്തപ്പെടുന്നു. അതിന്റെ പേരിൽ പലരും, പല ഉദ്യോഗസ്ഥന്മാരും ലക്ഷക്കണക്കിന് രൂപയുടെ പുറം വരുമാനം ഉണ്ടാക്കുന്നു. അങ്ങനെയുള്ള ആക്ഷേപങ്ങളുണ്ട്. ഈ ആക്ഷേപങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: അത്തരം ആക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ കർശനമായ നിർദ്ദേശം ഗവൺമെന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകിയിട്ടുണ്ട്. ആക്ഷേപങ്ങൾ വന്നാൽ പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകും.

ശ്രീ. കെ. പി. മോഹനൻ: പരസ്യബോർഡുകളും കമാനങ്ങളും നഗരസഭയിൽ സ്ഥാപിക്കുന്നതിന് നഗരസഭയുടെ അംഗീകാരം സെക്രട്ടറിക്ക് അപേക്ഷ കൊടുത്ത് വാങ്ങിയിരിക്കണം. എന്നാൽ കണ്ണൂരിൽ കണ്ണൂർ നഗരസഭയുടെ സമ്മതം വാങ്ങാതെ ഫോർട്ട് റോഡിൽ ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് സ്ഥാപിച്ച ബോർഡുകൾ നീക്കം ചെയ്യാൻ ശ്രമിച്ച ബഹുമാനപ്പെട്ട നഗരസഭ ചെയർപേഴ്സൺ മെഹറുന്നിസ ടീച്ചറെയും മറ്റും അറസ്റ്റ് ചെയ്ത് ലോക്കപ്പിൽ ഇടുകയാണ് കണ്ണൂർ ജില്ലാ പോലീസ് സൂപ്രണ്ട് ചെയ്തത്. ഇത്തരം നടപടികൾക്കെതിരെ എന്ത് നടപടി സ്വീകരിക്കുവാൻ അങ്ങേയ്ക്ക് സാധിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: ആ സംഭവത്തെ കുറിച്ച് കളക്ടറും പോലീസും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് അതിന് പരിഹാരമുണ്ടാക്കി എന്നാണ് മനസ്സിലാക്കുന്നത്. ഇത്തരം കാര്യങ്ങളിൽ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുമുള്ള അധികാരം വിനിയോഗിക്കുന്നതിനും മറ്റു തടസ്സങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. പി. മോഹനൻ: പല നഗരസഭകളിലും നമുക്ക് കാണാൻ സാധിക്കുന്നത് പരസ്യ പോസ്റ്ററുകൾ ഒട്ടിച്ച് വികൃതമാക്കിയിരിക്കുന്നതാണ്. പല സ്ഥലങ്ങളിലും പോസ്റ്ററുകൾ ഒട്ടിച്ചുകഴിഞ്ഞാൽ മാറ്റുന്നില്ല. അതുപോലെത്തന്നെ ബോർഡുകൾ അപകടങ്ങൾ ഉണ്ടാക്കുന്നുണ്ട്. അത്തരം പ്രത്യേക സ്ഥലങ്ങളിൽ ബോർഡുകൾ വയ്ക്കാതിരിക്കാനുള്ള നടപടികൾ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: അതിന് ആവശ്യമായ നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. അവർ വികൃതമാക്കുന്ന പ്രദേശങ്ങൾ വികൃതമാക്കാതിരിക്കാനും നടപടികൾ സ്വീകരിക്കാനും കർശനമായ നിലപാടും നടപടിയും സ്വീകരിക്കേണ്ടത് ലോക്കൽ ബോഡീസാണ്.

ശ്രീ. സി. കെ. നാണു: സർക്കാരിന്റെ പരസ്യങ്ങൾ പ്രദർശിപ്പിക്കാനുള്ള സംവിധാനം ഏത് അടിസ്ഥാനത്തിലാണ്?

ശ്രീ. എം. എം. ഹസ്സൻ: സർക്കാരിന്റേതായിട്ടുള്ള പരസ്യങ്ങൾ പത്രങ്ങളിലൂടെ കൊടുക്കുന്ന പരസ്യങ്ങളാണ്. പി. ആർ. ഡി. വഴിയാണ് ആ പരസ്യങ്ങളൊക്കെ നൽകുന്നത്. വാൾപോസ്റ്ററും മറ്റ് കാര്യങ്ങളുമൊക്കെ സർക്കാർ ഓഫീസുകളിൽ പ്രദർശിപ്പിക്കുകയല്ലാതെ പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിക്കുവാൻ സാധാരണ അനുവാദം കൊടുക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു: പരസ്യങ്ങളെ സംബന്ധിച്ചുള്ള തീരുമാനമെടുക്കുമ്പോൾ ട്രാൻസ്പോർട്ട്, പോലീസ് അതുപോലുള്ള ഘടകങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇതിനെ സംബന്ധിച്ചിടത്തോളമുള്ള സംവിധാനം എങ്ങനെയാണ് തീരുമാനിക്കുന്നത്, തദ്ദേശസ്വയംഭരണ വകുപ്പ് ഈ പരസ്യങ്ങളെ സംബന്ധിച്ച് തീരുമാനമെടുക്കുമ്പോൾ, പ്രധാനമായി അതിന്റെ ചർച്ചകൾ നടത്തുന്നത് ഏതിന്റെ അടിസ്ഥാനത്തിലാണ്?

ശ്രീ. എം. എം. ഹസ്സൻ: ലോക്കൽ ബോഡീസിനാണ് അതിനുള്ള അനുവാദം. അത് ട്രാൻസ്പോർട്ട് ബസ്സുകളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതായാലും.....

ശ്രീ. സി. കെ. നാണു: ഇപ്പോൾ ചില പ്രദേശത്ത് പരസ്യം വച്ച് ഡ്രൈവർ പോകുന്ന അവസരത്തിൽ ആ പരസ്യം നോക്കി ആക്സിഡന്റ് വരാൻ സാധ്യതയുണ്ട്. അതുപോലെ പോലീസിനും ഈ പരസ്യങ്ങൾ തടസ്സമാകാറുണ്ട്. അതിനെ സംബന്ധിച്ചിടത്തോളം തീരുമാനമെടുക്കുന്നത്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. തീരുമാനമെടുക്കുന്നത് ഏതൊക്കെ ചർച്ചയുടെ അടിസ്ഥാനത്തിലാണെന്നാണ് ഞാൻ ചോദിച്ചത്?

ശ്രീ. എം. എം. ഹസ്സൻ: ട്രാഫിക് പോലീസാണ് സൈൻ ബോർഡുകളും മറ്റും സ്ഥാപിക്കുന്നതിനുള്ള തീരുമാനം എടുക്കുന്നത്. പക്ഷേ ലോക്കൽ ബോഡീസിന്റെ അനുമതിയോടുകൂടിയാണ് അത് സ്ഥാപിക്കുന്നത്. ട്രാഫിക് പോലീസും ലോക്കൽ ബോഡീസും പരസ്പരം ചർച്ച ചെയ്ത് അവരുടെ അനുമതിയോടുകൂടിയാണ് സ്ഥാപിക്കുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി

* 4 [855] ശ്രീ. പിരപ്പൻകോട് മുരളി:
„ കെ. പി. സതീശ് ചന്ദ്രൻ:
„ വി. കെ. ചന്ദ്രൻ:
„ മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ആശുപത്രികളിലെ സ്റ്റോറുകളിൽനിന്നും മെഡിക്കൽ സ്റ്റോറുകളിൽനിന്നും വിതരണം ചെയ്യുന്ന മരുന്നുകൾ പലതും കാലാവധി കഴിഞ്ഞതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

അനുബന്ധം I

[6-8-2003-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *3 (854) ദയവായി കാണുക]

1999-ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും, പൊതു സ്ഥലങ്ങളിലും കമാനങ്ങളും, പരസ്യ ബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് അനുവാദം നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ

പരസ്യബോർഡുകളോ, കമാനങ്ങളോ സ്ഥാപിക്കുന്നതിന് അവയുടെ വിശദവിവരങ്ങളടങ്ങിയ പ്ലാൻ സഹിതം നഗരസഭാ കൗൺസിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഒടുക്കി നഗരസഭാ സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അതിൻമേൽ സെക്രട്ടറി വിശദമായ പരിശോധന നടത്തി ചുവടെ പറയുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നു.

സ്ഥാപിക്കാനുദ്ദേശിക്കുന്ന പരസ്യ ബോർഡോ, കമാനമോ, അപകടത്തിനോ തടസ്സത്തിനോ, അസൗകര്യത്തിനോ കാരണമാകാൻ പാടില്ലാത്തതാണ്. കൂടാതെ അവ നഗരത്തിന്റെ ആ പ്രദേശത്തിന്റെ സൗകര്യത്തിനോ പൊതുതാല്പര്യത്തിനോ, ഹാനി വരുത്തുവാൻ പാടില്ല.

കമാനങ്ങളുടെ തൂണുകൾ ടാർ/കോൺക്രീറ്റ് ചെയ്ത റോഡുകൾക്കും ഫുട്പാത്തുകൾക്കും വെളിയിലായി മാത്രമേ സ്ഥാപിക്കാവൂ. റോഡിൽ യാതൊരു തരത്തിലും കേടുപാടുണ്ടാവാൻ പാടില്ല. തൂണുകൾ റോഡിന്റെ വശങ്ങളിൽ ഏറ്റവും അറ്റത്തായിരിക്കേണ്ടതാണ്. ഫുട്പാത്തുള്ള റോഡിന്റെ വശങ്ങളിൽ ഫുട്പാത്തിന്റെ വെളിയിൽ മാത്രമേ കമാനത്തിന്റെയോ പരസ്യ ബോർഡിന്റെയോ തൂണുകൾ സ്ഥാപിക്കാൻ പാടുള്ളൂ.

മേൽപ്പറഞ്ഞ നിബന്ധനകൾ അപേക്ഷകൻ പാലിച്ചിട്ടുള്ള സംഗതിയിൽ ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സെക്രട്ടറി ലൈസൻസ് അനുവദിക്കുന്നു:

കമാനങ്ങൾ അനുവദിക്കേണ്ടത് ഹൃസ്വകാലത്തേക്ക് മാത്രമായിരിക്കേണ്ടതാണ്. അനുമതി നൽകുന്ന ഓരോ കേസ്സിലും ആയത് പൊളിച്ചു നീക്കുന്നതിനും റോഡിന്റെ കേടുപാടുകൾ തീർക്കുന്നതിനും ആവശ്യമായി വന്നേക്കാവുന്ന തുക ലൈസൻസിയെ കൊണ്ട് മുനിസിപ്പാലിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യിക്കേണ്ടതാണ്. കേടുപാടുണ്ടായാൽ ലൈസൻസി ആയത് സ്വന്തം ചെലവിൽ പരിഹരിച്ച് റോഡ് അല്ലെങ്കിൽ ഫുട്പാത്ത് പൂർവ്വസ്ഥിതിയിലാക്കേണ്ടതാണ്.

നിശ്ചിത തീയതിക്കകം കമാനങ്ങൾ ലൈസൻസി നീക്കം ചെയ്തില്ലെങ്കിൽ ഡിപ്പോസിറ്റ് തുകയിൽ നിന്ന് ചെലവ് ചെയ്ത് സെക്രട്ടറി ആയത് പൊളിച്ചു നീക്കേണ്ടതാണ്. പ്രസ്തുത പ്രവർത്തികൾക്ക് ടി ഡിപ്പോസിറ്റ് തുക മതിയാകാതെ വരികയാണെങ്കിൽ ആയത് റവന്യൂ റിക്കവറി നടപടികൾ നടത്തി ലൈസൻസിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

കമാനങ്ങളോ, ബോർഡുകളോ നിമിത്തം ആർക്കെങ്കിലും അപകടം സംഭവിച്ചാൽ അതിന് നഷ്ടപരിഹാരം നൽകുവാൻ ലൈസൻസിയായിരിക്കും ബാദ്ധ്യസ്ഥൻ. മുനിസിപ്പാലിറ്റിക്ക് യാതൊരു ബാദ്ധ്യതയും വരുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

മേൽപ്പറഞ്ഞ വ്യവസ്ഥകൾ ലൈസൻസിൽ വ്യക്തമാക്കിയിരിക്കണം. അവ പാലിച്ചുകൊള്ളാമെന്നും ലൈസൻസി മുദ്രപത്രത്തിൽ സമ്മതപത്രമെഴുതി മുനിസിപ്പാലിറ്റിക്ക് നൽകേണ്ടതാണ്. മേൽ നിബന്ധനകൾ പാലിക്കാത്ത അപേക്ഷകൾ മുനിസിപ്പാലിറ്റി നിരസിക്കേണ്ടതാണ്.

കമാനങ്ങളും, പരസ്യബോർഡുകളും സ്ഥാപിക്കുന്നതിന് ഈടാക്കാവുന്ന ഫീസ് കൗൺസിലിന് നിശ്ചയിക്കാവുന്നതും ഈടാക്കാവുന്നതുമാണ്.

തത്സംബന്ധമായ ചട്ടങ്ങളോ, വ്യവസ്ഥകളോ സംബന്ധിച്ചുണ്ടാകുന്ന തർക്കങ്ങൾ സർക്കാരിലേക്ക് റഫർ ചെയ്യേണ്ടതും സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

അനുബന്ധം II

[6-8-2003-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *13 (864) ദയവായി കാണുക]

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ—ലൈസൻസ് യഥാസമയം പുതുക്കാത്തതിനുള്ള പിഴ ഈടാക്കുന്നത് സംബന്ധിച്ച്—ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി) വകുപ്പ്

സ.ഉ (സാ) നം. 659/03/തസ്വഭവ. തിരുവനന്തപുരം, തീയതി 26-2-2003

ഉത്തരവ്

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 447-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും വ്യാപാര ആവശ്യത്തിന് മുനിസിപ്പാലിറ്റി പ്രദേശത്തിനുള്ളിൽ സ്ഥലം വിനിയോഗിക്കുന്നതിന് ലൈസൻസ് ആവശ്യമാണ്. ഇത് ലംഘിക്കുന്നവർക്കുള്ള ശിക്ഷയായി 10,000 രൂപയാണ് പിഴ നിശ്ചയിച്ചിട്ടുള്ളത്. പിഴയുടെ 25%ൽ കുറയാതെയും 50%ൽ കൂടാതെയുമുള്ള തുക പിഴയായി ഈടാക്കി കുറ്റം രാജിയാക്കാൻ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിശ്ചയിച്ച തീയതിക്കുള്ളിൽ ലൈസൻസ് പുതുക്കാത്തവരിൽനിന്നും മേൽവ്യവസ്ഥ പ്രകാരം 2,500 രൂപയാണ് പിഴയായി ഈടാക്കിവരുന്നത്. ചെറിയ പെട്ടിക്കടയിൽനിന്നും വൻകിട സൂപ്പർമാർക്കറ്റ് ഉടമകളിൽനിന്നും ഒരേ നിരക്കിലുള്ള പിഴയാണ് ഈടാക്കുന്നത്. പെട്ടിക്കട പോലുള്ള ചെറിയ വ്യാപാരം നടത്തുന്നവർക്ക് ഈ വ്യവസ്ഥ വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വൈരുദ്ധ്യം ഒഴിവാക്കുന്നതിനായി ആക്ടിൽ വേണ്ട ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ പരിഗണിച്ചുവരുന്നു.

(2) ഈ സാഹചര്യത്തിൽ വ്യാപാര ആവശ്യത്തിനുള്ള ലൈസൻസ് പുതുക്കി നൽകുന്നതിന് തൽക്കാലം പിഴ ഈടാക്കേണ്ടതില്ലായെന്ന് നഗരസഭകൾക്കും പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
(ഒപ്പ്)
കെ. കെ. രമണി,
അഡീഷണൽ സെക്രട്ടറി

LIBRARY ARCHIVES Kerala Legislative Assembly